**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6114** **17-03-2023 - ൽ മറുപടിയ്ക്ക്**

**സംരംഭകർക്ക് ദേശീയ, രാജ്യാന്തര വിപണി ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങളുടെ ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും ദേശീയ,രാജ്യാന്തര വിപണി ലഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ബി2ബി വെബ്ബ് പോർട്ടൽ - കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതക്കായി വ്യവസായ വകുപ്പിനു വേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഒരു വെബ്പോർട്ടൽ (www.keralaemarket.com/ www.keralaemarket.org/ www.keralaemarket.kerala.gov.in) രൂപീകരിച്ചു. വ്യവസായ വാണിജ്യ വകുപ്പ് രൂപീകരിച്ച ഈ വെബ്പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിപണി ലഭ്യത ഉറപ്പ് വരുത്തുന്നതിനും സഹായകരമാകും. കേരളത്തിലെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ സഹകരണത്തോടെ 14 ജില്ലകളിലും എം.എസ്.എം.ഇ. പോർട്ടൽ രജിസ്ട്രേഷനായുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. നിലവിൽ ആയിരത്തിലധികം കമ്പനികളും കേരളത്തിലെ വിവിധ പൊതുമേഖല സ്ഥാപനങ്ങളും ഈ വെബ്പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ തുടർന്നു വരുന്നു.<br><br>നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ |

വെബ് പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ സാധിക്കും. ഇത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിലെ വ്യവസായങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ദേശീയ വിപണിയിൽ കടന്നു ചെല്ലുവാനും പ്രത്യേകിച്ചും കോവിഡ് കാലത്തിന് ശേഷം അവർക്ക് പ്രയോജനപ്പെടുന്ന ദേശീയ ബയർമാർ/ കമ്പനികളുമായി വ്യാപാര പങ്കാളിത്തത്തിൽ ഏർപ്പെടുവാനും സാധിക്കും. ഈ പോർട്ടലിൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരവരുടെ ഉൽപ്പന്നങ്ങളുടെ ചിത്രങ്ങളും, വിലയും ചേർക്കാവുന്നതാണ്. ഇതിൽ ഉൽപ്പന്നങ്ങളേയും വ്യവസായങ്ങളേയും ഭക്ഷ്യ സംസ്കരണം, കൈത്തറി, റബ്ബർ, കയർ, ആയുർവേദം, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, കൃഷി എന്നിങ്ങനെ വിവിധ മേഖലകളായി തരംതിരിച്ചിട്ടുണ്ട്. നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ് പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ സാധിക്കും. കേരള ഇ-മാർക്കറ്റ് പോർട്ടൽ മുഖേന കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും നൂതനമായ ഉൽപ്പന്നങ്ങളുടെ സവിശേഷതകളും, സാങ്കേതികതയും പ്രദർശിപ്പിക്കുവാൻ സാധിക്കുന്നു. ബി2ബി വെബ് പോർട്ടൽ കേരളത്തിലെ വ്യവസായ സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും എല്ലാതരത്തിലും പരസ്പര വ്യവഹാരം നടത്തുവാനും ബിസിനസ്സ് ടു ബിസിനസ്സിനായി (ബി2ബി) ഒരു വേദിയായും, ഇ-കാറ്റലോഗിംങ് തുടങ്ങിയവക്കായും പ്രയോജനപ്രദമാകുന്നു.

കേരളത്തിലെ സൂക്ഷ്മ, ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും, സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനും ലക്ഷ്യമിട്ട് വിപണന മേളകൾ, വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രാമോഷൻ (കെ-ബിപ്പ്) സംഘടിപ്പിച്ചു വരുന്നു. ഉൽപ്പന്ന ഗുണനിലവാരം ഉയർത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനും വേണ്ടി ദേശീയ അന്തർദേശീയ തലങ്ങളിൽ നടക്കുന്ന വിവിധ വ്യാപാര മേളകളിൽ സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾക്ക് പങ്കെടുക്കുവാനുള്ള അവസരവും ബിസിനസ് മീറ്റുകളും കെബിപ്പ് ഒരുക്കി കൊടുക്കുന്നു.

ദേശീയ അന്തർദ്ദേശീയ ട്രേഡ് ഫെയറുകളിൽ സൂക്ഷ്മ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രാമോഷൻ മുഖേന പങ്കെടുപ്പിച്ചിട്ടുണ്ട്. കെബിപ്പ് മുഖേന പരിപാടികൾ സംഘടിപ്പിക്കുകയും, പങ്കെടുപ്പിക്കുകയും ചെയ്യതുമൂലം സൂക്ഷ്മ ചെറുകിട സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും, സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനും, ഉൽപ്പന്ന ഗുണനിലവാരം ഉയർത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുമുള്ള അവസരം ലഭിച്ചിട്ടുണ്ട്.

കൂടാതെ മുള മേഖലയിലെ വിപണന വികസനത്തിനായി വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി, കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തി വരുന്ന പ്രധാനപ്പെട്ട മേളയാണ് കേരള ബാംബൂ ഫെസ്റ്റ്". കേരള സംസ്ഥാന ബാംബൂ മിഷൻ 2004 മുതൽ കൊച്ചിയിൽ 'കേരള ബാംബൂ ഫെസ്റ്റ്" സംഘടിപ്പിക്കുന്നു. ഇതിലൂടെ ഉപഭോക്താക്കൾക്ക് വിപണി കണ്ടെത്തുവാനും ഉൽപ്പന്ന വികസനത്തെക്കുറിച്ചുള്ള അറിവ് നേടാനും വിവരങ്ങൾ പരസ്പരം പങ്കിടാനും ഒരു വേദി ഒരുക്കുന്നു.

ബാംബൂ ഫെസ്റ്റിൽ കരകൗശല വസ്തുക്കൾ, ഫർണിച്ചറുകൾ, മുള നിർമ്മാണ യന്ത്രങ്ങൾ, മുള ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം, അതുപോലെ മുളയെ കുറിച്ചുള്ള പ്രസിദ്ധീകരണങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നു. വ്യക്തിഗത കരകൗശല വിദഗ്ധർ, മാസ്റ്റർ ക്രാഫ്റ്റ്മാൻ, എൻ.ജി.ഒ.കൾ, എസ്എച്ച്ജികൾ, സൂക്ഷ്മ/ ചെറുകിട സംരംഭങ്ങൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ, മറ്റ് സംസ്ഥാനങ്ങളിലെ കരകൗശലക്കാർ, സംഘടനകൾ എന്നിവർ ഈ മേളയിൽ പങ്കെടുക്കുന്നു. കൂടാതെ ഫെസ്റ്റിനോടനുബന്ധിച്ച് മുള വാദ്യോപകരണ സംഗീതം പോലുള്ള വിവിധ കലാപരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

2004 ൽ ആരംഭിച്ചതു മുതൽ, കഴിഞ്ഞ 19 വർഷമായി എല്ലാ വർഷവും ഡിസംബർ മാസത്തിൽ കേരള ബാംബൂ ഫെസ്റ്റ് നടത്തുന്നു. മുള വ്യവസായത്തിനെ പരമ്പരാഗതത്തിൽ നിന്ന് സമകാലിക കാഴ്ചപ്പാടുകളിലേക്ക് മാറാനും ആഗോള വിപണിയിൽ അവരുടെ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കാൻ അവരെ പ്രാപ്തരാക്കുവാനും ഇത് കരകൗശല വിദഗ്ധരെ സഹായിക്കുന്നു. 19 - മത് കേരള ബാംബൂ ഫെസ്റ്റ് 2022 നവംബർ 27 മുതൽ ഡിസംബർ 4 വരെ എറണാകുളം ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്ത് സംഘടിപ്പിച്ചു.

കേരളത്തിലെ കരകൗശല മേഖലയുടെ പുനരുദ്ധാരണത്തിനും, നിലനിൽപ്പിനും വേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചു വരുന്നു. കേരളത്തിലെ കരകൗശല മേഖലയെ ശക്തിപ്പെടുത്തുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, ഈ മേഖലയിലുള്ള വിദഗ്ധരുമായി സമ്പർക്കം പുലർത്തുക, കരകൗശലക്കാർക്ക് ഉപഭോക്താക്കളുമായി നേരിട്ട് ഇടപഴകുവാനുള്ള അവസരം ഒരുക്കികൊടുക്കുക, കേരളത്തിലെ പരമ്പരാഗതമായ കരകൗശല / കൈത്തറി ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുക, വിദേശികൾക്കും സ്വദേശികൾക്കും പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങൾ കേരളത്തിന്റെ തനിമയോടെ പ്രദർശിപ്പിക്കുവാനുള്ള ഒരു വേദി ഒരുക്കുക, സന്ദർശകർക്കും ഉപഭോക്താക്കൾക്കും സ്ഥാപനങ്ങൾക്കും മുൻപാകെ കേരളത്തിലെ കരകൗശലക്കാരുടെ സാങ്കേതിക മികവും കഴിവും പ്രദർശിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് ഈ മേള സംഘടിപ്പിക്കുന്നത്. മേളയുടെ 7-ാമത് എഡിഷൻ 2022 ഒക്ടോബർ 2 മുതൽ 16 വരെ കോഴിക്കോട് സ്വപ്ന നഗരി മൈതാനത്ത് സംഘടിപ്പിച്ചു.

<u>ബിസിനസ് ടു ബിസിനസ് മീറ്റ് - വ്യാപാർ</u>

കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ദേശീയ തലത്തിൽ പുതിയ വിപണി കണ്ടെത്തുവനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ബിസിനസ്സ് മീറ്റായ 'വ്യാപാർ 2022' സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും ഭക്ഷ്യസംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ എന്നിവയിൽ നിന്നുള്ള ചെറുകിട ഉത്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യയും ഈ അവസരത്തിൽ പ്രദർശിപ്പിച്ചു.

കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് നടത്തിയതിന്റെ പ്രധാന ഉദ്ദേശം സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായികൾക്ക് നേരിട്ട് രാജ്യത്തിനകത്തുനിന്നുമുള്ള ബയർമാരുമായി വ്യാപാര ചർച്ചകൾ നടത്തുന്നതിനുള്ള അവസരം ഒരുക്കുക എന്നതായിരുന്നു.

| | | | |
|---|---|---|---|
| | | | വരും വർഷങ്ങളിലും ബിസിനസ് ടു ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുന്നതാണ്. കൂടാതെ കേരളത്തിലെ സൂക്ഷ്മ, ചെറുകിട വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും, സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനുമായി ദേശീയ അന്തർ ദേശീയ ട്രേഡ് ഫെയറുകളിൽ സൂക്ഷ്മ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചു വരുന്നു. ഇതിലൂടെ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും, നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുമുള്ള അവസരം ലഭ്യമാകുന്നു. |
| (ബി) | പ്രസ്തുത നടപടികൾ വ്യവസായ സംരംഭങ്ങൾക്ക് എത്രത്തോളം സഹായകരമായി എന്ന് അറിയിക്കുമോ? | (ബി) | ഉണ്ട്. ബി2ബി വെബ്ബ് പോർട്ടൽ - കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതക്കായി വ്യവസായ വകുപ്പിനു വേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഒരു വെബ്പോർട്ടൽ (www.keralaemarket.com/ www.keralaemarket.org/ www.keralaemarket.kerala.gov.in) രൂപീകരിച്ചു. വ്യവസായ വാണിജ്യ വകുപ്പ് രൂപീകരിച്ച ഈ വെബ്പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിപണി ലഭ്യത ഉറപ്പ് വരുത്തുന്നതിനും സഹായകരമാകും. കേരളത്തിലെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ സഹകരണത്തോടെ 14 ജില്ലകളിലും എം.എസ്.എം.ഇ. പോർട്ടൽ രജിസ്ട്രേഷനായുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. നിലവിൽ ആയിരത്തിലധികം കമ്പനികളും കേരളത്തിലെ വിവിധ പൊതുമേഖല സ്ഥാപനങ്ങളും ഈ വെബ്പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ തുടർന്നു വരുന്നു.<br><br>നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ് പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ സാധിക്കും. ഇത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിലെ വ്യവസായങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ദേശീയ |

വിപണിയിൽ കടന്നു ചെല്ലുവാനും പ്രത്യേകിച്ചും കോവിഡ് കാലത്തിന് ശേഷം അവർക്ക് പ്രയോജനപ്പെടുന്ന ദേശീയ ബയർമാർ/ കമ്പനികളുമായി വ്യാപാര പങ്കാളിത്തത്തിൽ ഏർപ്പെടുവാനും സാധിക്കും. ഈ പോർട്ടലിൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരവരുടെ ഉൽപ്പന്നങ്ങളുടെ ചിത്രങ്ങളും, വിലയും ചേർക്കാവുന്നതാണ്. ഇതിൽ ഉൽപ്പന്നങ്ങളേയും വ്യവസായങ്ങളേയും ഭക്ഷ്യ സംസ്കരണം, കൈത്തറി, റബ്ബർ, കയർ, ആയുർവേദം, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, കൃഷി എന്നിങ്ങനെ വിവിധ മേഖലകളായി തരംതിരിച്ചിട്ടുണ്ട്. നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ് പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ സാധിക്കും. കേരള ഇ-മാർക്കറ്റ് പോർട്ടൽ മുഖേന കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും നൂതനമായ ഉൽപ്പന്നങ്ങളുടെ സവിശേഷതകളും, സാങ്കേതികതയും പ്രദർശിപ്പിക്കുവാൻ സാധിക്കുന്നു. ബി2ബി വെബ് പോർട്ടൽ കേരളത്തിലെ വ്യവസായ സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും എല്ലാതരത്തിലും പരസ്പര വ്യവഹാരം നടത്തുവാനും ബിസിനസ്സ് ടു ബിസിനസ്സിനായി (ബി2ബി) ഒരു വേദിയായും, ഇ-കാറ്റലോഗിംങ് തുടങ്ങിയവക്കായും പ്രയോജനപ്രദമാകുന്നു.

കേരളത്തിലെ സൂക്ഷ്മ, ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും, സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനും ലക്ഷ്യമിട്ട് വിപണന മേളകൾ, വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) സംഘടിപ്പിച്ചു വരുന്നു. ഉൽപ്പന്ന ഗുണനിലവാരം ഉയർത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനും വേണ്ടി ദേശീയ അന്തർദേശീയ തലങ്ങളിൽ നടക്കുന്ന വിവിധ വ്യാപാര മേളകളിൽ സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾക്ക് പങ്കെടുക്കുവാനുള്ള അവസരവും ബിസിനസ് മീറ്റുകളും കെബിപ്പ് ഒരുക്കി കൊടുക്കുന്നു.

ദേശീയ അന്തർദ്ദേശീയ ട്രേഡ് ഫെയറുകളിൽ സൂക്ഷ്മ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രാമോഷൻ മുഖേന പങ്കെടുപ്പിച്ചിട്ടുണ്ട്. കെബിപ്പ് മുഖേന പരിപാടികൾ

സംഘടിപ്പിക്കുകയും, പങ്കെടുപ്പിക്കുകയും ചെയ്യതുമൂലം സൂക്ഷ്മ ചെറുകിട സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും, സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനും, ഉൽപ്പന്ന ഗുണനിലവാരം ഉയർത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുമുള്ള അവസരം ലഭിച്ചിട്ടുണ്ട്.

കൂടാതെ മുള മേഖലയിലെ വിപണന വികസനത്തിനായി വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി, കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തി വരുന്ന പ്രധാനപ്പെട്ട മേളയാണ് കേരള ബാംബൂ ഫെസ്റ്റ്'. കേരള സംസ്ഥാന ബാംബൂ മിഷൻ 2004 മുതൽ കൊച്ചിയിൽ 'കേരള ബാംബൂ ഫെസ്റ്റ്' സംഘടിപ്പിക്കുന്നു. ഇതിലൂടെ ഉപഭോക്താക്കൾക്ക് വിപണി കണ്ടെത്തുവാനും ഉൽപ്പന്ന വികസനത്തെക്കുറിച്ചുള്ള അറിവ് നേടാനും വിവരങ്ങൾ പരസ്പരം പങ്കിടാനും ഒരു വേദി ഒരുക്കുന്നു.

ബാംബൂ ഫെസ്റ്റിൽ കരകൗശല വസ്തുക്കൾ, ഫർണിച്ചറുകൾ, മുള നിർമ്മാണ യന്ത്രങ്ങൾ, മുള ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം, അതുപോലെ മുളയെ കുറിച്ചുള്ള പ്രസിദ്ധീകരണങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നു. വ്യക്തിഗത കരകൗശല വിദഗ്ധർ, മാസ്റ്റർ ക്രാഫ്റ്റ്മാൻ, എൻ.ജി.ഒ.കൾ, എസ്എച്ച്ജികൾ, സൂക്ഷ്മ/ ചെറുകിട സംരംഭങ്ങൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ, മറ്റ് സംസ്ഥാനങ്ങളിലെ കരകൗശലക്കാർ, സംഘടനകൾ എന്നിവർ ഈ മേളയിൽ പങ്കെടുക്കുന്നു. കൂടാതെ ഫെസ്റ്റിനോടനുബന്ധിച്ച് മുള വാദ്യോപകരണ സംഗീതം പോലുള്ള വിവിധ കലാപരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

2004 ൽ ആരംഭിച്ചതു മുതൽ, കഴിഞ്ഞ 19 വർഷമായി എല്ലാ വർഷവും ഡിസംബർ മാസത്തിൽ കേരള ബാംബൂ ഫെസ്റ്റ് നടത്തുന്നു. മുള വ്യവസായത്തിനെ പരമ്പരാഗതത്തിൽ നിന്ന് സമകാലിക കാഴ്ചപ്പാടുകളിലേക്ക് മാറാനും ആഗോള വിപണിയിൽ അവരുടെ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കാൻ അവരെ പ്രാപ്തരാക്കുവാനും ഇത് കരകൗശല വിദഗ്ധരെ സഹായിക്കുന്നു. 19 - മത് കേരള ബാംബൂ ഫെസ്റ്റ് 2022 നവംബർ 27 മുതൽ ഡിസംബർ 4 വരെ എറണാകുളം ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്ത് സംഘടിപ്പിച്ചു.

കേരളത്തിലെ കരകൗശല മേഖലയുടെ പുനരുദ്ധാരണത്തിനും, നിലനിൽപ്പിനും വേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന മലബാർ

ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചു വരുന്നു. കേരളത്തിലെ കരകൗശല മേഖലയെ ശക്തിപ്പെടുത്തുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, ഈ മേഖലയിലുള്ള വിദഗ്ധരുമായി സമ്പർക്കം പുലർത്തുക, കരകൗശലക്കാർക്ക് ഉപഭോക്താക്കളുമായി നേരിട്ട് ഇടപഴകുവാനുള്ള അവസരം ഒരുക്കികൊടുക്കുക, കേരളത്തിലെ പരമ്പരാഗതമായ കരകൗശല / കൈത്തറി ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുക, വിദേശികൾക്കും സ്വദേശികൾക്കും പരമ്പരാഗത കരകൗശല ഉൽപ്പന്നങ്ങൾ കേരളത്തിന്റെ തനിമയോടെ പ്രദർശിപ്പിക്കുവാനുള്ള ഒരു വേദി ഒരുക്കുക, സന്ദർശകർക്കും ഉപഭോക്താക്കൾക്കും സ്ഥാപനങ്ങൾക്കും മുൻപാകെ കേരളത്തിലെ കരകൗശലക്കാരുടെ സാങ്കേതിക മികവും കഴിവും പ്രദർശിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് ഈ മേള സംഘടിപ്പിക്കുന്നത്. മേളയുടെ 7-ാമത് എഡിഷൻ 2022 ഒക്ടോബർ 2 മുതൽ 16 വരെ കോഴിക്കോട് സ്വപ്ന നഗരി മൈതാനത്ത് സംഘടിപ്പിച്ചു.

<u>ബിസിനസ് ടു ബിസിനസ് മീറ്റ് - വ്യാപാർ</u>

കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ദേശീയ തലത്തിൽ പുതിയ വിപണി കണ്ടെത്തുവനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ബിസിനസ്സ് മീറ്റായ 'വ്യാപാർ 2022' സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും ഭക്ഷ്യസംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ എന്നിവയിൽ നിന്നുള്ള ചെറുകിട ഉത്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യയും ഈ അവസരത്തിൽ പ്രദർശിപ്പിച്ചു.

കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് നടത്തിയതിന്റെ പ്രധാന ഉദ്ദേശം സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായികൾക്ക് നേരിട്ട് രാജ്യത്തിനകത്തുനിന്നുമുള്ള ബയർമാരുമായി വ്യാപാര ചർച്ചകൾ നടത്തുന്നതിനുള്ള അവസരം ഒരുക്കുക എന്നതായിരുന്നു.

വരും വർഷങ്ങളിലും ബിസിനസ് ടു ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുന്നതാണ്. കൂടാതെ കേരളത്തിലെ സൂക്ഷ്മ, ചെറുകിട വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും, സാങ്കേതികപരമായി പുരോഗമനം

| | | | |
|---|---|---|---|
| | | | കൈവരിക്കുന്നതിനുമായി ദേശീയ അന്തർ ദേശീയ ട്രേഡ് ഫെയറുകളിൽ സൂക്ഷ്മ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചു വരുന്നു. ഇതിലൂടെ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും, നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുമുള്ള അവസരം ലഭ്യമാകുന്നു. |

സെക്ഷൻ ഓഫീസർ